176 (1536) മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മറ്റു കമ്മ്യൂണിറ്റി സെന്ററുകളിലനുവദിച്ചിട്ടുള്ള വാർഡ് സൗകര്യങ്ങളും ജീവനക്കാരും നിലവിലില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായും ഏതെങ്കിലും സ്കീമിൽപ്പെടുത്തി വാർഡുകളും കെട്ടിടങ്ങളും നിർമ്മിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്യാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) കമ്മ്യൂണിറ്റി സെന്ററിൽ 30 കിടക്കകളും 5 ഡോക്ടർമാരും വേണമെന്നാണ് ഉദ്ദേശിക്കുന്നത്. മീനങ്ങാടി സി.എച്ച്.സി.യിൽ 5 ഡോക്ടർമാരുടെ തസ്തികയും 16 കിടക്കകളും നിലവിലുണ്ട്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതനുസരിച്ചാണ് മറ്റു ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത്.

(ബി) ഈ സെന്റർ സുൽത്താൻബത്തേരി ബ്ലോക്കു പഞ്ചായത്തിൽപ്പെട്ടതാണ്. ഇതിന്റെ വികസനത്തിനായുള്ള കെട്ടിടംപണി, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ബ്ലോക്ക് പഞ്ചായത്ത് നടത്തിയതിനുശേഷം ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

177 (1537) മാനന്തവാടി ഗവൺമെന്റ് ജില്ലാ ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഗവൺമെന്റ് ജില്ലാ ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്; ഈ കെട്ടിടം പണി എന്നു പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു;

(ബി) പണിക്ക് ഇക്കൊല്ലം തുക വക കൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) സ്ഥലസൗകര്യമില്ലാത്ത ഈ ആശുപത്രിയിലെ കെട്ടിട നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ പ്രസവ വാർഡിന്റെ പണി പൂർത്തിയായിവരുന്നു. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിന് തറക്കല്ലിട്ടുകഴിഞ്ഞു. എത്രയുംവേഗം പണി പൂർത്തീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

(ബി) പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപയും ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് ഫണ്ടിൽനിന്ന് 12 ലക്ഷം രൂപയുമുൾപ്പെടെ 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly